പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 744 11.06.2014 -ൽ മറുപടിക്ക്

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥിരം തസ്തികയില്ലാത്ത പി.എച്ച്.സി.കൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥിരം തസ്തികയില്ലാത്ത എത്ര പി.എച്ച്.സി.കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | എ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ഥിരം തസ്തിക അനുവദിച്ചിട്ടില്ലാത്ത 91 പി.എച്ച്.സി.കൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ പി.എച്ച്.സി.കളിൽ ജോലി ചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ലാവണം അതിനോടനുബന്ധിച്ചുള്ള ബ്ലോക്ക് പി.എച്ച്.സി.കളിലാണ്. |
| ബി) സ്ഥിര തസ്തികയില്ലാത്ത പി.എച്ച്.സി.കൾ ഏതെല്ലാം ജില്ലകളിലാണെന്ന് വിശദമാക്കുമോ ; | ബി) തിരുവനന്തപുരം, വയനാട്, മലപ്പുറം, പാലക്കാട്, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ചില പി.എച്ച്.സി.കളിൽ ജോലി ചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ലാവണം അതിനോടനുബന്ധിച്ചുള്ള ബ്ലോക്ക് പി.എച്ച്.സി.കളിലാണ്. |
| സി താനൂർ മണ്ഡലത്തിൽ ഇത്തരത്തിലുള്ള ജെ.എച്ച്.ഐ. തസ്തികകൾ ഇല്ലാത്ത ഏതെല്ലാം പി.എച്ച്.സി. കളുണ്ടെന്ന് അറിയാമോ; | സി) ചെറിയമുണ്ടം, കൽപ്പകഞ്ചേരി, പൊൻമുണ്ടം എന്നീ പി.എച്ച്.സി കളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടില്ല. എന്നാൽ ഇവിടങ്ങളിൽ ജോലി ചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ലാവണം വളവന്നൂർ ബ്ലോക്ക് പി.എച്ച്.സി. യിലാണ്. |

| | |
|---|---|
| ഡി) ജെ.എച്ച്.ഐ. തസ്തിക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും തസ്തികകൾ അനുവദിക്കുന്നതിനായി എടുത്ത നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ? | ഡി) ജനസംഖ്യാനുപാതികമായിട്ടാണ് ജെ.എച്ച്.ഐ. തസ്തിക അനുവദിക്കുന്നത്. 5000 ജനസംഖ്യയ്ക്ക് ഒരു തസ്തിക എന്നതും ട്രൈബൽ/ഹില്ലി പ്രദേശങ്ങളിൽ 3000 ജനസംഖ്യയ്ക്ക് ഒരു തസ്തിക എന്നതുമാണ് നിലവിലുള്ള മാനദണ്ഡം. 08.02.2012 തിയ്യതിയിലെ സ.ഉ(കൈ) നം.51/2012/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം 12 ജെ.എച്ച്.ഐ. തസ്തിക ഇടുക്കി ജില്ലയിലും 19.04.2012 തിയ്യതിയിലെ സ.ഉ(കൈ)നം.122/2012/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം 104 ജെ.എച്ച്.ഐ. തസ്തിക, ബാക്കിയുള്ള 13 ജില്ലകളിലും സൃഷ്ടിച്ച് ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ